# സാമ്പത്തികസംവരണം എന്ന് യാഥാർത്ഥ്യമാകും?

ഇന്ത്യൻ ഭരണഘടനാഭേദഗതി പ്രകാരം മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വർക്കുള്ള (Economically Weaker Section) സംവരണം കേന്ദ്രഗവണ്മെന്റ് 2019 ജനുവരിയിൽ നടപ്പാക്കിയതാണ്. പ്രസ്തുത സംവരണം കേരളത്തിൽ നടപ്പാക്കുന്നതിലേക്ക് നിയമിച്ച കമ്മീഷന്റെ റിപ്പോർട്ട് 3.1.2020-ൽ ആണ് സംസ്ഥാനസർക്കാർ അംഗീകരിച്ചത്, അതായത് ഒരു വർഷത്തിനു ശേഷം. ഇതു സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി 12.2.2020-ൽ സർക്കാർ ഉത്തരവായി. പിന്നെയും എട്ടുമാസത്തിനു ശേഷം 23.10.2020-ൽ ആണ് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂളിൽ ഭേദഗതി വരുത്തിയത്. അന്നു മുതൽ മാത്രമേ സംവരണം പ്രാബല്യത്തിൽ വരുകയുള്ളൂ എന്നാണ് സർക്കാർ പ്രഖ്യാപിച്ചത്.

ഏതെങ്കിലും റിക്രൂട്ട്മെന്റ് വർഷത്തിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കായി നീക്കിവച്ച ഒഴിവുകളിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാകാതെവന്നാൽ അത്തരം ഒഴിവുകൾ നികത്തപ്പെടാത്ത ഒഴിവുകളായി മാറ്റിവയ്ക്കേണ്ടതില്ലായെന്നും അവ പൊതുവിഭാഗത്തിനായി നല്കണമെന്നുമാണ് സർക്കാർഉത്തരവിലെ വ്യവസ്ഥ.

കേരളസർക്കാരിന്റെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ഒഴിവുകളിലേക്കും, ലാസ്റ്റ് ഗ്രേഡ് വിഭാഗം ഒഴികെയുള്ളവയിലേക്കും അനുവദിച്ചിരിക്കുന്ന പട്ടികപ്രകാരം സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിനായി 10% ടേണുകൾ അനുവദിച്ചിരിക്കുന്നത് 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നിങ്ങനെയാണ്.

ഈ മൂന്നു കാര്യങ്ങളും മറ്റു വിഭാഗങ്ങൾക്കുള്ള സംവരണവ്യവസ്ഥകളിൽനിന്നും പാടേ വ്യത്യസ്തമാണ്.

അതിനാലാണ് സാമ്പത്തികസംവരണം സംബന്ധിച്ച് സംസ്ഥാനസർക്കാർ ഉത്തരവ് പുറപ്പെടുവിച്ച 3.1.2020 മുതൽ മുൻകാലപ്രാബല്യം വേണമെന്നും, ഏതെങ്കിലും നിയമനവർഷത്തിൽ അർഹരായ EWS ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ലഭ്യമാകാതെ വന്നാൽ അത്തരം ഒഴിവുകൾ നികത്തപ്പെടാതെ മാറ്റിവയ്ക്കണമെന്നും, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിനായി പ്രത്യേകവിജ്ഞാപനം (NCA) ഏറ്റവും കുറഞ്ഞത് രണ്ടു തവണയെങ്കിലും പുറപ്പെടുവിച്ച് അർഹരായ ഉദ്യോഗാർത്ഥികൾക്ക് നല്കണമെന്നും, അങ്ങനെയുള്ള വിജ്ഞാപനങ്ങൾക്കു ശേഷവും അത്തരം ഉദ്യോഗാർത്ഥികളെ ലഭ്യമാകാതെ വന്നാൽ ഓപ്പൺ കോമ്പറ്റീഷനിൽ (പൊതുവിഭാഗത്തിൽ) ഇടം നേടിയ സംവരണേതരവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കണമെന്നും; സംവരണേതരവിഭാഗത്തിൽപ്പെട്ടവരുടെ നിയമനടേൺ 3, 11, 23, 35, 47, 59, 63, 75, 87, 99 എന്നിവയാക്കി നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതി മുമ്പാകെ എൻ.എസ്.എസ്. റിട്ട് ഹർജി സമർപ്പിക്കേണ്ടിവന്നത്.

ഇത്രയുമായിട്ടുപോലും 10 ശതമാനം സംവരണം നടപ്പാക്കുന്നതിന് ആവശ്യമായ സംവരണേതര വിഭാഗങ്ങളുടെ പട്ടിക (മുന്നാക്കസമുദായപട്ടിക) പ്രസിദ്ധീകരിക്കാൻ സർക്കാർ തയ്യാറായിരുന്നില്ല. അതിനെതിരെ ഉപഹർജി ഫയൽ ചെയ്തതിനെ തുടർന്നാണ് ഒരു മാസത്തിനകം പട്ടിക പ്രസിദ്ധീകരിക്കണമെന്ന് ഹൈക്കോടതി 24.3.2021-ൽ സർക്കാരിനോട് ആവശ്യപ്പെട്ടത്. അതിനുശേഷം രണ്ടുമാസം കഴിഞ്ഞിട്ടും പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ ചീഫ് സെക്രട്ടറിക്ക് എതിരായി അഡ്വക്കേറ്റ് മുഖാന്തിരം 1.6.2021-ൽ എൻ.എസ്.എസ്. കോടതിയലക്ഷ്യനോട്ടീസ് നല്കി. അതിനെ തുടർന്നാണ് കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത 164 സംവരണേതരവിഭാഗങ്ങളുടെ പട്ടിക (മുന്നാക്കസമുദായ പട്ടിക) പ്രസിദ്ധീകരിച്ച് ഗവണ്മെന്റ് ഉത്തരവായത്.

സംവരണം സംബന്ധിച്ച് റിട്ട് ഹർജിയിലൂടെ എൻ.എസ്.എസ്. ഉന്നയിച്ച മൂന്ന് ആവശ്യങ്ങൾ ഇപ്പോഴും കോടതിയുടെ പരിഗണനയിലിരിക്കുന്നതേയുള്ളു. സാമ്പത്തികസംവരണം യാഥാർത്ഥ്യമാകുവാൻ ഇനി എത്ര കടമ്പകൾ കടക്കേണ്ടിവരുമെന്ന കാര്യം ഇപ്പോഴും വ്യക്തമല്ല.